File No.FWLD-B1/104/2019-FWLD

'ഭരണഭാഷ- മാതൃഭാഷ'

## പതിനാലാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 900** **30/10/2019ൽ മറുപടിയ്ക്ക്**

**കാട്ടുതീ തടയാൻ നടപടി**

| ചോദ്യം<br><br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ : | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാട്ടുതീ മൂലം വർഷംതോറും ഹെക്ടറുകണക്കിന് വനം കത്തി നശിക്കുകയും വന്യമൃഗങ്ങൾക്ക്നാശമുണ്ടാകുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്തെ കാട്ടുതീ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>• വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവർത്തികൾ വിഭാവനം ചെയ്യുന്ന 'ഫയർ മാനേജ്മെന്റ് പ്ലാൻ' സർക്കിൾ തലത്തിൽ തയ്യാറാക്കുന്നുണ്ട്.<br><br>• കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരം തിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യു.<br><br>• കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവർത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning), ഫയർലൈൻ തെളിക്കൽ തുടങ്ങിയ പ്രവർത്തികൾ ഫയർ സീസണു മുമ്പായി ചെയ്യുന്നു.<br><br>• കാട്ടുതീ ഉണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ രൂപീകരിച്ചിട്ടുള്ള ഫയർ അലർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് |

| | | | |
|---|---|---|---|
| | | | ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്താറുണ്ട്.<br>• സ്ഥിരമായുള്ളതും, താല്ക്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവ്വറുകൾ സ്ഥാപിക്കുന്നു.<br>• കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തിരമായിനിയന്ത്രിക്കുന്നതിന് ഫയർഗ്യാങ്ങുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയ പ്രവർത്തികൾ നടത്തി വരുന്നു.<br>• കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തിരമായി എത്തുന്നതിന് വാഹന സൗകര്യം, വിവരം കൈമാറാൻ വയർലെസ്സ് സംവിധാനം, ടെലിഫോൺ റോഡ് നെറ്റ് വർക്ക് എന്നിവ പ്രയോജനപ്പെടുത്തുന്നു.<br>• കാട്ടുതീ ഉണ്ടെന്ന റിപ്പോർട്ട് ലഭിച്ചാൽ ഉദ്യോഗസ്ഥർ അടിയന്തിരമായി സ്ഥലത്തെത്തി വേണ്ട മുൻകരുതലുകളും തീ നിയന്ത്രണ വിധേയമാക്കാൻ വേണ്ട സത്വര നടപടികളും സ്വീകരിക്കുന്നു.<br>• സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെ ബോധവാൻമാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവു നാടകങ്ങൾ, ഫിലിം ഷോകൾ, എഫ്. എം റേഡിയോവിലൂടെ യുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്.<br>• ജനപങ്കാളിത്തത്തോടുകൂടിയ കാട്ടു തീ പ്രതിരോധ പ്രവർത്തനത്തിന് വി. എസ്. എസ് / ഇ. ഡി. സി തുടങ്ങിയവയുടെ സഹായം ഉറപ്പു വരുത്തുന്നു.<br>• ഫ്രണ്ട് ലൈൻ സ്റ്റാഫുകൾക്ക് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകാറുണ്ട്. |

| | | | |
|---|---|---|---|
| | | | • ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ചെക്ക് ഡാം, വാട്ടർഹോൾ, ഗളളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തി വരുന്നു.<br>• കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകി.<br>• അഗ്നി പ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ ലഭ്യമാക്കുന്നതാണ്.<br>• കാട്ടുതീ പ്രതിരോധ പ്രവർത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ വനം വകുപ്പ് ആസ്ഥാനത്ത് ഫയർ സീസണിൽ പ്രവർത്തിപ്പിക്കാറുണ്ട്.<br>• സ്റ്റേറ്റ് തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ & റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു "സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ" രൂപീകരിച്ച് പ്രവർത്തികൾ വിലയിരുത്തുന്നു. |
| (ബി) | ഈ വർഷത്തെ വേനൽ കാലത്ത് സംസ്ഥാനത്ത് എത്ര ഹെക്ടർ വനമാണ് കാട്ടുതീമൂലം നഷ്ടപ്പെട്ടത്; | (ബി) | 2018 - 19 ഫയർ സീസണിൽ (ഡിസംബർ 2018 മുതൽ മെയ് 2019 വരെ) 1788.78 ഹെക്ടർ സ്ഥലത്ത് അടിക്കാടുകൾ കാട്ടുതീമൂലം നഷ്ടപ്പെട്ടു, എന്നാൽ വനം നഷ്ടപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കാട്ടുതീ യഥാസമയം അറിയുന്നതിനും അത് വ്യാപിക്കാതെ തടയുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണോ; അല്ലെങ്കിൽ കൂടുതൽ ആധുനിക സംവിധാനങ്ങൾ ഇക്കാര്യത്തിനായി ഉപയോഗിക്കുന്നതിനും വനം വകുപ്പ് ജീവനക്കാർക്ക് ഇവ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | കാട്ടുതീ യഥാസമയം അറിയുന്നതിനും അത് വ്യാപിക്കാതെ തടയുന്നതിനും നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ